# തിരുവിതാംകൂർ ദേവസ്വം ബോർഡ്

Roc 24792/23/എസ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 20/07/2026

## സർക്കുലർ

വിഷയം :- അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാരുടെ വിവരം യഥാസമയം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ഗ്രൂപ്പുകളിൽ വിവിധ തസ്തികകളിൽ ജോലി നോക്കി വരുന്ന ജീവനക്കാർ, മേലാഫീസിൽ നിന്നും അവധി അനുവാദം ലഭ്യമാക്കാതെ വർഷങ്ങളോളം സേവനങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും, വർഷങ്ങൾക്ക് ശേഷം തിരികെ പ്രവേശിക്കാനായി ഹാജരാകുകയും ചെയ്യുന്ന പ്രവണത തുടർച്ചയായി കാണപ്പെട്ടിട്ടുള്ളതാണ്. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പ്രകാരവും, കെ സി എസ് (സി സി &എ) ചട്ടങ്ങൾ പ്രകാരവും അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാമെന്നിരിക്കെ, അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാരുടെ വിവരങ്ങൾ മേലാഫീസിൽ അറിയിക്കാത്തത് മൂലം, ഇത്തരത്തിലുള്ള ജീവനക്കാർക്കെതിരെ യഥാ സമയം അച്ചടക്ക നടപടി സ്വീകരിക്കാൻ സാധിക്കാതെ വരികയും, ടി ജീവനക്കാർ വിരമിക്കുന്ന അവസരത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെ നല്കേണ്ടതായി വരുന്നതായും കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടേണ്ടി വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിലേക്കായി ഏതെങ്കിലും ജീവനക്കാർ അനധികൃത അവധിയിൽ പ്രവേശിക്കുന്ന അവസരത്തിൽ ടി വിവരം വീഴ്ച കൂടാതെ യഥാസമയം മേലാഫീസിൽ അറിയിക്കുന്നതിന് എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും കർശന നിർദ്ദേശം നല്കി ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ് :

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വംബോർഡ്
2. എല്ലാ ഗ്രൂപ്പ് അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി